## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:153** **25.04.2017-ൽ മറുപടിക്ക്**

**പോലീസ് കംപ്ലയിന്റ് അതോറിറ്റിയുടെ പ്രവർത്തനം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അബ്ദുൽ ഹമീദ്.പി | ശ്രീ. പിണറായി വിജയൻ<br>( മുഖ്യമന്ത്രി) |
| (എ) പോലീസ് കംപ്ലയിന്റ് അതോറിറ്റിയുടെ പ്രവർത്തനം പൊതുജനങ്ങൾക്ക് പ്രയോജനമാകാത്തവിധം അപഹാസ്യമാകുന്ന എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്രസ്തുത അതോറിറ്റി എത്ര പരാതികൾക്ക് തീർപ്പ് കല്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 369 പരാതികളിൽ സംസ്ഥാന പോലീസ് കംപ്ലയിന്റ് അതോറിറ്റി തീർപ്പു കൽപ്പിച്ചിട്ടുണ്ട്. |
| (സി) പോലീസുകാർക്കെതിരെ നടപടി ശുപാർശ ചെയ്തു കൊണ്ട് എത്ര പരാതികൾ തീർപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; പോലീസുകാർക്ക് എതിരായുള്ള തീർപ്പുകളിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 17 കേസ്സുകളിൽ പോലീസുകാർ ക്കെതിരെ നടപടി ശുപാർശ ചെയ്തിട്ടുണ്ട്. ശിക്ഷാ നടപടികൾ സ്വീകരിക്കാൻ ആവശ്യപ്പെടുന്ന കേസുകളിൽ ബന്ധപ്പെട്ട പോലീസുദ്യോഗ സ്ഥർക്കെതിരെ അച്ചടക്ക നടപടികളും, മറ്റ് നിയമ നടപടികളും ബന്ധപ്പെട്ട നിയമന അധികാരികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) പോലീസ് കംപ്ലയിന്റ് അതോറിറ്റിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) പോലീസ് ഉദ്യോഗസ്ഥർക്കെതിരായ പരാതികളിൽ സമയബന്ധിതമായി നടപടി സ്വീകരിച്ച് മെച്ചപ്പെട്ട പ്രവർത്തനമാണ് അതോറിറ്റി |

നടത്തി വരുന്നത്. ഇതിലേക്കായി ചീഫ് ഇൻവെസ്റ്റിഗേഷൻ ഓഫീസർ ആയി പോലീസ് സേനയ്ക്ക് പുറത്തുള്ള ഒരാളെ നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**